"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 16-05-2020

## സർക്കുലർ നം 43

കൊറോണ വൈറസിൻറെ വ്യാപനം ജയിലുകളിൽ തടയുന്നതിനായി ബഹു: സുപ്രീം കോടതി, ഹൈക്കോടതി ഉത്തരവിൻറെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട തടവുകാർക്ക് സർക്കാർ പ്രത്യേക പരോൾ/ജാമ്യം എന്നിവ അനുവദിച്ച് ഉത്തരവ് നൽകി.

സംസ്ഥാനത്ത് 55 ജയിൽ സ്ഥാപനങ്ങളിലും കൂടി 6264 തടവുകാരെ പാർപ്പിച്ചു വരുന്നു. ഇതിൽ 1930 ശിക്ഷാ തടവുകാരും 4334 റിമാൻറ് / വിചാരണ തടവുകാരുമാണ്. 1818 ഓളം തടവുകാർ പരോൾ / ജാമ്യം എന്നീ വ്യവസ്ഥയിൽ ജയിലിന് പുറത്ത് നിൽക്കുന്നു. പൊതുഗതാഗതം സാധാരണ അളവിൽ നിലവിൽ വരുന്ന സാഹചര്യത്തിൽ പുറത്തുനില്ക്കുന്ന തടവുകാർ ജയിലിൽ പുനപ്രവേശിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി തടവുകാർക്ക് ക്വാറൻറൈൻ സൗകര്യം നൽകേണ്ടത് അത്യാവശ്യമാണ്.

എന്നാൽ പുതുതായി റിമാൻ്റ് ചെയ്യപ്പെട്ട് ജയിലിൽ പ്രവേശിപ്പിക്കുന്ന തടവുകാർക്ക് ആരോഗ്യ വകുപ്പ് അനുശാസിക്കുന്ന പ്രകാരമുള്ള കോവിഡ് പരിശോധനയും ഫലം വരുന്നത് വരെയുള്ള ക്വാറൻറൈൻ സൗകര്യവും ഏർപ്പെടുത്തേണ്ട സാഹചര്യം ഉണ്ടായിരിക്കുന്നു. വയനാട് ജില്ലയിൽ വൈത്തിരി സ്പെഷ്യൽ സബ് ജയിലിൽ പ്രവേശിപ്പിക്കപ്പെട്ട തടവുകാരന് കോവിഡ് ബാധ സംശയിക്കേണ്ട സ്ഥിതി ഉണ്ടായത് മുൻനിർത്തി. ജയിലിനുള്ളിലെ തടവുകാരുടേയും ഉദ്യോഗസ്ഥരുടേയും രോഗ ബാധ ഫലപ്രദമായി തടയുന്നതിന് ജയിലിൽ പ്രവേശിപ്പിക്കപ്പെടുന്ന തടവുകാർക്ക് കോവിഡ് പരിശോധന നിർബന്ധിതമാക്കാൻ വകുപ്പ് തീരുമാനിച്ചിരിക്കുന്നു.

അതിനാൽ സംസ്ഥാനത്തെ ജയിലുകളിൽ പുതിയതായി പ്രവേശിപ്പിക്കപ്പെടുന്ന തടവുകാർക്ക് ആരോഗ്യ വകുപ്പ് അനുശാസിക്കും പ്രകാരമുള്ള കോവിഡ് പരിശോധനയും പോലീസ് സുരക്ഷയിലുള്ള ക്വാറൻറൈൻ സൗകര്യവും ജില്ലാതലങ്ങളിൽ ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ജില്ലാ ഭരണാധികാരികളോടും ആരോഗ്യ വകുപ്പിനോടും പോലീസിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

ജയിലിൽ റിമാൻ്റ് ചെയ്ത് പ്രവേശിപ്പിക്കുന്നതിനായി കൊണ്ടു വരുന്ന തടവുകാരുടെ കോവിഡ് ബാധയില്ലെന്ന പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയ ശേഷം വേണം തടവുകാരെ പ്രവേശിപ്പിക്കേണ്ടതെന്ന കർശന നിർദ്ദേശം എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും നൽകുന്നു

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണ മേഖല/ മദ്ധ്യ മേഖല/ ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും